conducted post-mortem or any other medico-legal certificates ?

Dr. T. Verghese *(Chief Medical Officer)* :

(*a*) No.

(*b*) No answer is necessary in view of answer to (*a*).

LEGISLATIVE BUSINESS

The Cochin Motor Vehicles Bill

Mr. K. Achyuta Menon *(Secretary to Government)*: I rise to move that the Cochin Motor Vehicles Bill be taken up and finally passed.

Mr P. V. Raphael *(Joint Secretary to Government)*: I second it.

Motion put and carried

RESOLUTIONS

4 & 5. Grant of further Constitutional Reforms—*(cont.)*

മിസ്റ്റർ വി. കെ. കുട്ടി : സർ, കൊച്ചിയിൽ പരിപൂർണ്ണ ഉത്തരവാദിത്വ ഭരണം സ്ഥാപിക്കണമെന്നുള്ള രണ്ടു പ്രമേയങ്ങളും, മൂന്നു വകുപ്പുകളും ഉത്തരവാദിത്വ ഭരണത്തിനു വിട്ടുകൊടുക്കണമെന്നുള്ള മിസ്റ്റർ ടി. കെ. നായരുടെ പ്രമേയവും ആണ് ഇന്നു ഈ സഭയുടെ ആലോചനക്കു വിഷയീഭവിച്ചിരിക്കുന്നതു്. ഉത്തരവാദിത്വഭരണം പൂർണ്ണമായി ലഭിക്കണമെന്നുള്ള സംഗതിയിൽ ഈ കൌൺസിലിൽ ആകെത്തന്നെ അഭിപ്രായവ്യത്യാസമുള്ളതായി കണ്ടിട്ടില്ല. എന്നാൽ പ്രായോഗികമായ നിലയിൽ ഏതായിരിക്കും സ്വീകരിക്കേണ്ടതെന്നുള്ള വിഷയത്തെപ്പറ്റി മാത്രമെ വാദപ്രതിവാദമുള്ളൂ. ഇൻഡ്യയിൽ ഉത്തരവാദിത്വഭരണം പൂർണ്ണമായും ലഭിക്കണമെന്നുള്ള വാദം ആരംഭിച്ചിട്ടു് ഏതാണ്ടു് 10 വർഷങ്ങൾ കഴിഞ്ഞിട്ടുണ്ടു്. ഇന്നും ആ വാദം തുടർന്നുപോരുകയാണു് ചെയ്യുന്നതു്. അടുത്ത കാലത്തു് ബ്രിട്ടീഷ് ഗവർമ്മേണ്ടു് ഇന്ത്യക്കു് അംശമാത്രമായി ഉത്തരവാദിത്വഭരണം നല്കുകയുണ്ടായല്ലൊ. അതു തികച്ചും തൃപ്തികരമായിരുന്നില്ലെങ്കിലും അനുവദിച്ചുകിട്ടിയ ഉത്തരവാദിത്വഭരണം കോൺഗ്രസ്സു് ഏറ്റെടുക്കുകയും ഭരണം നടത്തുകയുമാണു് ചെയ്തതു്. 10 വർഷങ്ങൾക്കു മേൽ പ്രായം ചെന്നിട്ടുള്ള ആ സഭ പ്രവൃത്തിച്ചിട്ടുള്ള ബുദ്ധിപൂർവ്വകമായ ആ മാർഗ്ഗം നമുക്കും അനുകരണീയമായിട്ടുള്ളതാണെന്നുവേണം വിചാരിക്കുവാൻ. പൂർണ്ണഉത്തരവാദിത്വഭരണം യഥാർത്ഥത്തിൽ ഇവിടെ വേണമെന്നുള്ള പ്രമേയം പാസ്സാക്കുന്ന പക്ഷം അതു പെട്ടെന്നു നമുക്കു ലഭിക്കുമോ എന്നുള്ള സംഗതിയെ സംബന്ധിച്ചു നാം ശരിയായ ഒരു പരിശോധന കഴിക്കേണ്ടതുണ്ടു്. പ്രായോഗികമായ പദ്ധതിയിൽക്കൂടി പോകുന്നതാണു് കുറേക്കൂടി സ്വീകാര്യമായിട്ടുള്ളതു് എന്നാണു് എന്റെ അഭിപ്രായം. ഉത്തരവാദിത്വഭരണത്തിനുവേണ്ടി പോരാടുന്നവരിൽ ആകെത്തന്നെ ഇതുവരേയും പൂർണ്ണമായ വിജയം ലഭിച്ചിട്ടില്ല. ആ സ്ഥിതിക്കു കൊച്ചിയിൽ ചെറുതെങ്കിലും പരീക്ഷണാർത്ഥം ഒരു ഭരണപരിഷ്കാരം

LIBRARY ARCHIVES Kerala Legislative Assembly

കൈവന്നു. അതിനെ മുൻനിറുത്തിക്കൊണ്ട് ലഭിക്കുന്ന ഏതു ഭരണപരിഷ്കാരവും നമുക്ക് പ്രായോഗികമാക്കി കാണിക്കുവാൻ കഴിയുമെന്നു നാം ഇവിടെ തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. മിസ്റ്റർ നായർ ഏതാണ്ടു പ്രായോഗികമായ ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ഏതാനും വകുപ്പുകളുടെ ഉത്തരവാദിത്വഭരണം നമുക്കു ലഭിച്ചതുകൊണ്ടു വലിയ പ്രയോജനമില്ലെന്നും പൂർണ്ണമായ ഉത്തരവാദിത്വഭരണം ലഭിച്ചാൽ മാത്രമെ അതു് അർഹിക്കുന്ന ഗുണം സിദ്ധിക്കുകയുള്ളുവെന്നും ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പർമാർ പ്രസ്താവിക്കുകയുണ്ടായി. അതിൽ ആക്ഷേപത്തിനോ അഭിപ്രായവ്യത്യാസമില്ല. ഉദാഹരണമായി ചില സംഗതികൾ നമ്മുടെ മുൻപിൽത്തന്നെ ഇരിക്കുന്നുണ്ട്.

കഴിഞ്ഞ രണ്ടു ദിവസങ്ങളിലും അതിനുമുമ്പും ഈ പ്രമേയം ആലോചനക്കെടുത്തപ്പോൾ ഇവിടെയുണ്ടായ വാദപ്രതിവാദങ്ങളും പ്രസംഗങ്ങളും ബഹുമാനപ്പെട്ട ഈ സഭ ശ്രദ്ധിച്ചിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം ഉത്തരവാദിത്വഭരണം വേണ്ട എന്നായിരുന്നു എന്നു ഒരു പത്രത്തിൽ വലിയ വെണ്ടക്കാ അക്ഷരത്തിൽ ചേർത്തിരിക്കുന്നതു കാണുകയുണ്ടായി. ആ വെണ്ടക്കാ അക്ഷരത്തിൽ ചേർത്തിരിക്കുന്ന സംഗതി യഥാർത്ഥമാണൊ എന്നുള്ളതു് ബഹുമാനപ്പെട്ട ഈ സഭ പ്രത്യേകം ആലോചിക്കേണ്ട ഒന്നാണ്. വലിയ വെണ്ടക്കാ അക്ഷരത്തിൽ ചേർത്തിരുന്ന ആ പത്രത്തിലെ ശീർഷകം ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽനിന്നു ഉദ്ധരിച്ചതായിരിക്കുമോ എന്നു ഞാൻ സംശയിച്ചു. പക്ഷെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ അങ്ങിനെ ഒരു വാചകമോ ആശയമോ ഉൾക്കൊണ്ടിരുന്നില്ലെന്നുള്ളതാണ് വിചിത്രമായിരിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ ജനങ്ങൾക്കു തെറ്റിദ്ധാരണയുണ്ടാക്കുകയാണ് ഇത്തരം പ്രസ്താവനകളുടെ ഫലം എന്നാണ് ഞാൻ വിചാരിക്കുന്നതു്. കൌൺസിലിൽ ഈ വക പ്രസ്താവനകളുടെ സാന്നിദ്ധ്യത്തിൽ അവരവരുടെ അഭിപ്രായം തുറന്നു പറയുവാനുള്ള അവകാശം അപഹരിക്കപ്പെടുകയാണ് ചെയ്യുന്നതു്. കൌൺസിലിൽ നടക്കുന്ന സംഗതികൾ പബ്ലിക്കിനിടയിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടതുമൂലം ജനപ്രതിനിധികളെ അവരുടെ നിയോജകമണ്ഡലങ്ങൾ ആശങ്കയോടെ വീക്ഷിക്കും. ഇങ്ങിനെ ഒരു സമ്പ്രദായം പതുങ്ങിക്കൈക്കൊള്ളുന്നതുകൊണ്ട് ആത്മഹത്യാപരമായ ഒരപരാധത്തിനു വഴിയുണ്ടാവുകയാണ് ചെയ്യുന്നതു്. ആ മെമ്പർമാരുടെ ഭാവിക്കും അവരുടെ രാഷ്ട്രീയ ജീവിതത്തിനും ഭയങ്കരമായ ദോഷമുണ്ടാക്കിത്തീർക്കുമെന്നുള്ള സംഗതിയും ഈ സന്ദർഭത്തിൽ ഞാൻ ബഹുമാനപ്പെട്ട ദിവാൻ പ്രസിഡണ്ടു് അവർകളുടെ ദൃഷ്ടിയിൽ പെടുത്തിക്കൊള്ളുന്നു. കൊച്ചിയിലെ ഇന്നത്തെ സ്ഥിതിക്കു ഉത്തരവാദിത്വഭരണം ഒരു പക്ഷെ ഇപ്പോഴുള്ളതുപോലെ മുന്നോട്ടുപോയാലും വലിയ ദോഷമൊന്നും വരികയില്ലെന്നും ഉത്തരവാദിത്വഭരണത്തെ മുൻനിറുത്തിക്കൊണ്ട് ഇപ്രകാരമുള്ള അനീതികളെ നമുക്കു ഇല്ലാതാക്കാമെന്നുമുള്ള സംഗതി ആശ്വാസജനകമാണ്. ഇന്നത്തെ പരിതസ്ഥിതികളെ നോക്കിക്കൊണ്ടല്ല നാം ഉത്തരവാദിത്വഭരണം ആവശ്യപ്പെടുന്നതു്. രാജ്യത്തിന്റെ ഭാവിഗതികളെ നോക്കിക്കൊണ്ടാണ്. എന്നാൽ ഏതാനും ദിവസങ്ങൾക്കുമുമ്പു് കൌൺസിലിനോടു എക്സിക്യൂട്ടീവിനു ഉത്തരവാദിത്വമുണ്ടാകത്തക്ക നിലയിൽ ഒരു ഭരണപരിഷ്കാരം ഒരിക്കലും കൊടുക്കുകയില്ലെന്നു ഒരു നാട്ടുരാജ്യദിവാൻ പുറപ്പെടുവിച്ച സ്റ്റേറ്റുമെൻറു ഒരു പക്ഷെ നിങ്ങൾ വായിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിൽ ഉത്തരവാദിത്വഭരണത്തിനു എത്രമാത്രം പ്രതിബന്ധമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നുള്ളതിനു് ആ പ്രസ്താവനതന്നെ ഒരുദാഹരണമാണ്. ചിലനാട്ടുരാജ്യങ്ങളിൽ ഉത്തരവാദിത്വഭരണത്തിനു അനേക

LIBRARY ARCHIVES Kerala Legislative Assembly

കാലമായി ലഹളകൾ ക്ഷണിച്ചുവരുത്തിക്കൊണ്ടിരുന്നിട്ടും അതു അനുവദിക്കേണ്ടതാണെന്ന് ഒരു സന്മനസ്സ് ഉണ്ടായിട്ടില്ലാത്ത നിലയ്ക്കു നമ്മുടെ രാജ്യം എത്ര ഭാഗ്യമായ നിലയിലാണ് സ്ഥിതിചെയ്യുന്നതെന്നു നാം ചിന്തിക്കേണ്ടതാണ്. നമ്മുടെ രാജ്യത്തു അടുത്തുതന്നെ പരിപൂർണ്ണ ഉത്തരവാദിത്വഭരണം ഉണ്ടാകും.

മിസ്റ്റർ ടി. കെ. നായർ അദ്ദേഹത്തിന്റെ പ്രമേയംമൂലം ആവശ്യപ്പെടുന്നതു് എഡ്യൂക്കേഷൻ, മെഡിക്കൽ, പബ്ലിക്വർക്സ് എന്നീ മൂന്നു ഡിപ്പാർട്ട്മെൻറുകളും പൂർണ്ണ ഉത്തരവാദിത്വഭരണത്തിലേയ്ക്കു ഒരു പടികൂടി എന്ന നിലയിൽ ഒരു ജനകീയ മന്ത്രിയുടെ ഭരണത്തിനായി വിട്ടുകൊടുക്കണമെന്നാണ്. യഥാർത്ഥത്തിൽ ഈ ഡിപ്പാർട്ട്മെൻറുകളുടെ ഭരണം നമുക്കു ഉടനെതന്നെ കിട്ടേണ്ടതാണ് എന്നുള്ളതിനു യാതൊരു സംശയവുമില്ല. ആസ്പത്രികളിലും വിദ്യാഭ്യാസപരമായ കാര്യങ്ങളിലും നമുക്കു പലപ്പോഴും പല വിഷമങ്ങളും ഉണ്ടാകുന്നുണ്ട്. ഈ ഡിപ്പാർട്ട്മെൻറുകൾ കൊണ്ടു ജനങ്ങൾക്കു വളരെ ഉപയോഗമുള്ളതാണ്. ദിവാൻജി അവർകൾക്കു ഈ എല്ലാ ഡിപ്പാർട്ട്മെൻറുകളോടും എപ്പോഴും ഇടപെട്ടു നമ്മെപ്പോലെ നേരിട്ടു പ്രവൃത്തിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ജനങ്ങളുമായി ഏറ്റവും അടുത്തു ഇടപെടുന്ന ഈ ഡിപ്പാർട്ട്മെൻറുകൾ ഉടനെ അല്ലെങ്കിൽ ഇപ്പോൾതന്നെ ഒരു മിനിസ്റ്റീരിയൽ ഭരണത്തിനു വിട്ടുകൊടുക്കേണ്ടതാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

മിസ്റ്റർ എം. നാണുമേനോൻ : സർ, ഞാൻ മിസ്റ്റർ ടി. കെ. നായരുടെ പ്രമേയത്തോടു് അനുകൂലിക്കുന്നു. അതുകൊണ്ടു മറ്റു രണ്ടു പ്രമേയങ്ങൾക്കും ഞാൻ എതിരാണെന്നു തെറ്റിദ്ധരിക്കരുതു്. പൂരിപൂർണ്ണ ഉത്തരവാദിത്വഭരണപ്രമേയവും മിസ്റ്റർ ടി. കെ. നായരുടെ പ്രമേയവും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു കാര്യം തീച്ചയാണു്. മിസ്റ്റർ ടി. കെ. നായരുടെ പ്രമേയവും ഉത്തരവാദിത്വഭരണത്തെ അടിസ്ഥാനമാക്കിയുള്ളതാണു്. മറ്റു രണ്ടു പ്രമേയങ്ങളും പരിപൂർണ്ണഉത്തരവാദഭരണം വേണമെന്നാണു് വാദിക്കുന്നതു്. എന്നാൽ ഇവയിൽ തല്ക്കാലം നടക്കാവുന്നതേതാണെന്നു നോക്കീട്ടു് അതിനുവേണ്ടിവേണം വാദിക്കുവാൻ. ആ തത്വപ്രകാരം ഇന്നിവിടെ വാദിക്കാനെളുപ്പം മിസ്റ്റർ ടി. കെ. നായരുടെ പ്രമേയമാണു്. അതിനു് ഗവമ്മെണ്ടും എതിരുണ്ടെന്നു തോന്നുന്നില്ല. എന്തെന്നാൽ ഗവമ്മെണ്ടിൽ നിന്നുതന്നെ ഇങ്ങനെ ഒരു പരിഷ്കാരം ഇവിടെ കൊണ്ടുവരികയും അതേതാണ്ടു തൃപ്തികരമായ നിലയിൽ എത്തിച്ചേർന്നിട്ടുമുണ്ടു്. അതുകൊണ്ടു് മിസ്റ്റർ നായരുടെ പ്രമേയം ഗവമ്മെണ്ടു സമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം. എന്നാൽ മറ്റു രണ്ടു പ്രമേയങ്ങളും ഗവമ്മെണ്ടു് അനുവദിക്കയില്ലെന്നു ഞാൻ പറയുന്നില്ല. പക്ഷെ തല്ക്കാലമുണ്ടാകുമെന്നുതോന്നുന്നില്ല. അതിനൊരു ദൃഷ്ടാന്തം പറയാം. ഒരു അച്ഛന്റെ കയ്യിൽ ഒരു ലക്ഷം രൂപയുണ്ടു്; ഒരു മകനും മാത്രമേയുള്ളു. അച്ഛനും അറിയാം മകനും അറിയാം ആ രൂപാ മകനുള്ളതാണെന്നു്. പക്ഷെ, മകൻ ആ ഒരു ലക്ഷം രൂപാ ഒന്നിച്ചുവേണമെന്നുപറഞ്ഞാൽ അച്ഛൻ ഒരിക്കലും കൊടുക്കുകയില്ല. ആദ്യം അയ്യായിരമൊ പതിനായിരമൊ മറ്റൊ വല്ല വ്യവസായം നടത്തുന്നതിനു് കൊടുക്കും. അതിന്റെ അഭിവൃദ്ധി കണ്ടതിനുശേഷം പിന്നെയും കുറെ കൊടുക്കും. അങ്ങനെ കുറേശ്ശെ കൊടുത്തു് അവസാനം മുഴുവൻ സംഖ്യയും അച്ഛൻ മകനു കൊടുക്കുതന്നെ ചെയ്യും. പിന്നെ നാം നമ്മുടെ അയൽരാജ്യത്തിൽ നടക്കുന്ന കാര്യങ്ങൾകൂടി നോക്കേണ്ടതാണു്. സംഗതികൾ ആകപ്പാടെ നോക്കിയാൽ ഒന്നിച്ചുവേണമെന്നു പറഞ്ഞു ഒന്നും കിട്ടാതിരിക്കുന്നതിൽ ഭേദം തല്ക്കാലം കിട്ടാൻ ന്യായമായിട്ടുള്ള കാര്യത്തിനു വാദിക്കയാണു് നല്ലതെന്നാണു് എന്റെ പക്ഷം. അതിനായി എല്ലാപേരും ഒന്നിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിക്കണമെന്നാണു് എന്റെ അപേക്ഷ. അതിനാൽ ഞാൻ മിസ്റ്റർ ടി. കെ. നായരുടെ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാ സേട്ട്: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ നിയമസഭയിൽ പത്തുപതിനഞ്ചു കൊല്ലത്തോളം പഴയ മെമ്പർമാർ ഉത്തരവാദിത്വഭരണത്തിനുവേണ്ടി വാദിച്ചതിന്റെ ഫലമായിട്ടാണു് ചില ഡിപ്പാർട്ടുമെണ്ടുകളിൽ ഉത്തരവാദിത്വഭരണം ഏർപ്പെടുത്തിക്കൊണ്ടു ഇന്നത്തെ ദിവാൻജിവഴി ഇപ്പോൾ നിലവിലുള്ള ഉത്തരവാദഭരണപരിഷ്കാരം നമുക്കു ലഭിച്ചിട്ടുള്ളതു്. ഇന്ത്യക്കു് സ്വാതന്ത്ര്യം വേണമെന്നു വാദം തുടങ്ങീട്ടു് ഏതാണ്ടു് അൻപതുവർഷം കൊല്ലങ്ങളായിട്ടുണ്ടു്. ആ വാദത്തെ അടിസ്ഥാനമാക്കി നാമും ഇവിടെ ശ്രമിച്ചതിന്റെ ഫലമാണു് ഇന്നു നമുക്കു ഒരു മിനിസ്റ്റീരിയൽ ഭരണം കിട്ടിയിരിക്കുന്നതു്. അതു നാം ഏറെറടുത്തു നടത്താൻ തുടങ്ങീട്ടു രണ്ടുരണ്ടര കൊല്ലമായി. അതിനിടയിൽ നിയമസഭയിൽ കൊച്ചിൻ കോൺഗ്രസ്സെന്നും സ്റ്റേറ്റുകോൺഗ്രസ്സെന്നും രണ്ടു പാർട്ടികൾ ആദ്യമുണ്ടാകുകയും, ഒടുവിൽ അവയിൽനിന്നും ഭിന്നിച്ചുപോയ ചിലർക്കൂടി പ്രോഗ്രസ്സീവു് പാർട്ടി എന്നും ഇൻഡിപെൻറണ്ടു പാർട്ടി എന്നും രണ്ടു പാർട്ടികൾ കൂടി ഉണ്ടാക്കുകയും ചെയ്തു. അതിനുള്ള കാരണം ഭരണമേറെറടുത്തിട്ടുള്ള പാർട്ടിയിൽപെട്ട മിനിസ്റ്റരോടുള്ള പേർസനൽ ഗ്രഡ്ജു് കൊണ്ടോ അല്ലെങ്കിൽ മറെറ ചില കാരണങ്ങൾകൊണ്ടോ ആണു്. അങ്ങിനെ ആയി ഇന്നു പാർട്ടി നാലഞ്ചുണ്ടു്. എന്നല്ല, ഇന്നത്തെ മിനിസ്റ്ററെ "ഗോ ബാക്കു്" എന്നുപറഞ്ഞു പുറം തള്ളുന്നതിനായി എതിർപാർട്ടിയിൽനിന്നു് ഈ നിയമസഭയിൽതന്നെ ലജ്ജാവഹമായ രീതിയിൽ ശ്രമം നടത്തുകകൂടിയുണ്ടായിട്ടുണ്ടു്. പക്ഷെ, ഇന്നുവരെ ഏറെറടുത്തിട്ടുള്ള ഭരണം ഭംഗിയായി നടന്നുകൊണ്ടുതന്നെ പോകുന്നുണ്ടു്. ഈ നിലക്കു് ഇനിയും നമുക്കു ഉത്തരവാദിത്വഭരണത്തിനു ചില വകുപ്പുകൾ കൂടി ലഭിക്കണമെന്നാണു് ഇപ്പോൾ നാം ആവശ്യപ്പെടുന്നതു്. മിസ്റ്റർ നാണുമേനോൻ പറഞ്ഞതുപോലെ ഗവമ്മെണ്ടു് ചില ഡിപ്പാർട്ടുമെണ്ടുകൾ നമ്മെ ഏല്പിച്ചു പരീക്ഷിക്കുക ആണു് ചെയ്തതു്. അതിൽ നാം വിജയം പ്രാപിച്ചിരിക്കെ ഇനി കുറെ കൂടി അധികാരം നമുക്കു ആവശ്യപ്പെടാവുന്നതാണു്. നാം ഇപ്പോൾ ഇത്രമാത്രമെ ആവശ്യപ്പെടുന്നുള്ളുവെന്നു വെച്ചു മേലാൽ പരിപൂർണ്ണ ഉത്തരവാദിത്വഭരണം കിട്ടുകയില്ലെന്നു അർത്ഥം വരുന്നില്ല. ഞങ്ങൾ ഇപ്പോൾ ആവശ്യപ്പെടുന്നതു തന്നാൽ മേലിൽ ആവശ്യപ്പെടുന്നതും കൊടുക്കേണ്ടിവരുമെന്നുവെച്ചു ഗവമ്മെണ്ടും ഈ കാര്യത്തിൽ മടി കാണിക്കയില്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഇപ്പോൾ മിസ്റ്റർ സുബ്രഹ്മണ്യയ്യർ വാദിക്കുന്ന മാതിരി പരിപൂർണ്ണഉത്തരവാദിത്വഭരണം തല്ക്കാലം ആവശ്യമില്ല. എന്നാൽ രണ്ടുമൂന്നു ഡിപ്പാർട്ടുമെണ്ടുകൾകൂടി ഉത്തരവാദഭരണത്തിനു വിട്ടുകൊടുത്തു് അതു ഏതു നിലയിൽ നടക്കുന്നുവെന്നു് ഗവമ്മെണ്ടു് നോക്കേണ്ടതാണു്. ഗവമ്മെണ്ടിൽനിന്നു് ഇപ്പോൾ നമുക്കു വിട്ടുതന്നിട്ടുള്ള ഡിപ്പാർട്ടുമെണ്ടുകളുടെ ഭരണം തൃപ്തികരമാണെന്നു് ബോദ്ധ്യം വന്നിട്ടുണ്ടായിരിക്കണം.

എനിക്കു ഈ കൌൺസിലിലെ മെമ്പർമാരോടു അപേക്ഷിക്കുവാനുള്ളതു് ഇപ്പോൾ പരിപൂർണ്ണഉത്തരവാദിത്വഭരണത്തിനുവേണ്ടി കലഹിച്ചു പട്ടിക്കു മാംസക്ഷണം കിട്ടിയപോലെ, കിട്ടാനുള്ളതുകൂടി ഇല്ലാതാക്കാതെ ഇരിക്കണമെന്നാണു്. മെമ്പർമാർ തമ്മിലുള്ള യോജിപ്പനുസരിച്ചായിരിക്കും നമ്മുടെ ഭരണം മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കുന്നതു്. ഇപ്പോൾ രണ്ടുമൂന്നു ഡിപ്പാർട്ടുമെണ്ടുകൾകൂടി ഉത്തരവാദഭരണത്തിനു വിട്ടുതരണമെന്നുള്ള മിസ്റ്റർ ടി. കെ. നായരുടെ പ്രമേയത്തോടുകൂടി ഞാൻ അനുകൂലിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. President: I think Mr. Nayar may now reply.

Dr. A. R. Menon *(Minister for Rural Development):* Before that I wish to make a personal statement, Sir.

Mr. President: Yes.

*__Dr. A. R. Menon__ *(Minister for Rural Development):* Sir, day before yesterday I took part in the discussion on these resolutions and began my speech by making this declaration, that while there is no one in this House who is against a progressive realisation of complete responsible government, I personally think that the proposition brought forward by Mr. T. K. Nayar, taking the various aspects into consideration, is more easy of realisation, than the proposition brought forward by Mr. T. V. Subramania Ayyar. The whole speech was mistaken by a paper, and they did not even publish the speech so that people may understand it; but they put on a head line "The Minister is against Responsible Government".

Sir, I hold for the time being a very responsible position in this State as the Minister of His Highness the Maharaja. And His Highness' declaration was that progressive realisation of responsible government in this State should be by progressive stages. If I take a contrary view, it will be against the desire of His Highness. As an individual, I would not have raised a single word, regarding such an ignoble attack, more ignoble considering the source from which it comes. The name of the paper is the *Malabar Mail.* Anybody who goes through the pages of this paper will realise that this is an attack made as a result of malice, because they think I have done something which I assure the House I have not done.

Mr. A. V. Moothedan *(Chalakkudi):* What is it that you are referring to?

Dr. A. R. Menon *(Minister for Rural Development):* You know that better.

Mr. A. V. Moothedan *(Chalakkudi):* I ask you because you were referring to something.

Mr. President: Order, order; let the Minister continue his speech.

Dr. A. R. Menon *(Minister for Rural Development):* So, what I say is, if you do not safeguard our liberty to express our views fully, and if these papers are not restrained, they will very deliberately and maliciously—I repeat the word maliciously—twist the speeches and prejudice the public against the Minister. I think my position becomes very untenable in this House. I sometimes feel that my position restrains me, and I feel the liberty that I used

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

to enjoy as an individual member is being lost. Otherwise I have also a method to deal with such malicious people (*Laughter*), who out of malicious motives deliberately utter lies and falsehoods to prejudice and poison the public mind.

Mr. A. V. Moothedan *(Chalakkudi):* No, no. It is not a fact.

Dr. A. R. Menon *(Minister for Rural Development):* Are you the Editor of that paper?

Mr. A. V. Moothedan *(Chalakkudi):* Without any fact, how can you criticise a paper?

Mr. President: Order, order.

Mr. A. V. Moothedan *(Chalakkudi):* I have also got public interest (*Laughter*). "Malicious, malicious", he says. What is the meaning of that?

Several voices: Have you got any interest in that paper?

Mr. President: Order, order.

Dr. A. R. Menon *(Minister for Rural Development):* Anybody who turns the pages of that paper will see a very big heading as if England has won the victory *(Laughter)*, on the frontal page, and they had not even the courtesy or decency to write six lines of the speech which lasted nearly 40 minutes. Is it fair comment and fair criticism, Sir, or is it malice? I only brought this to your notice, Sir, so that the House, as Mr. Kutty brought to your notice, may have that liberty, which unfortunately is restrained by this sort of attacks. I think it is my duty to bring it to your notice so that people should not be made to misunderstand that one who is holding a responsible position as I do is a reactionary, and has been going against the declared wishes of His Highness the Maharaja.

Mr. A. B. Salem *(Mattancheri):* Is there not a method by which the House should stipulate that the proceedings of this House should be correctly reported by a paper?

Mr. President: It is the duty of the journalists concerned to report the speeches correctly.

Mr. A. B. Salem *(Mattancheri):* But when this sort of misrepresentations have been brought to the notice of the House, cannot the House at least have the privilege to deal with the representatives of that paper and send them out?

Mr. President: We have not got the privilege to take action against the representatives, according to our rules,

LIBRARY ARCHIVES Kerala Legislative Assembly

Mr. A. B. Salem *(Mattancheri):* The privilege must be maintained. If a paper reports incorrectly, we should not allow its representative the privileges that we usually extend to the press.

Mr. President : Quite so. That is a different matter. If, for example, the House feels that a newspaper has abused the privilege that it enjoys in getting admission to the press gallery, then certainly this House can go into this question, and on the advice of a committee which this House appoints the President can deprive the representatives of the particular press of the privileges of the press gallery. There is no specific provision in our rules as they stand at present. I have certainly no objection to establish that kind of convention, if it is so decided by the House. It only goes to show that the press cannot be allowed to go its own way. Occasions may arise when the press will have to be restrained and not be given uncontrolled and unfettered liberty. That subject we can take up later on. I don't think the Minister is pressing that point now.

Dr. A. R. Menon *(Minister for Rural Development):* I am not pressing that point, Sir; but I just wanted to bring this to your notice so that the people may not misunderstand the proceedings of this House.

Mr. President : This may be taken as a warning by the press and if they are persistent in such sort of misconduct, then the House will take notice of it.

Mr. T. P. Poulose *(Kanayannur):* Is it that they misreported?

Dr. A. R. Menon *(Minister for Rural Development):* Yes.

Mr. President : His point is, his speech was not reported at all; but simply wrong head-lines were given.

Dr. A. R. Menon *(Minister for Rural Development):* Head-lines in a very prominent form in bold letters were given. And the Secretary's name comes in small types. So it would mean that I was standing against any progressive reform in this State.

Mr. President : I think you have made the position clear. Mr. Subramania Ayyar will first reply and Mr. T. K. Nayar later on.

Mr. V. J. Mathai *(Planters):* On a point of information, Sir, may I know, in the matter of any infringement of the privileges of this House, what would be the proper procedure?

Mr. President : We have to frame rules for that. We have to appoint a committee of privileges. And if any member has got any complaint to make against any newspaper, then the complaint may be referred to that committee, and on the report of that committee

LIBRARY ARCHIVES Kerala Legislative Assembly

the President will have to take suitable action. We will have to frame rules for all that. We will come into that question later on.

Mr. T. V. Subramania Ayyar *(Nemmara):* Sir, Mr. Nayar's resolution was the first one and it was also moved first. So he has to reply first.

Mr. President: It is the primary resolution.

Mr. V. K. Krishnankutty *(Ezhuvas-Trichur):* If Mr. Nayar's resolution is put to vote, will the other resolution come?

Mr. President: If Mr. Nayar's motion is carried, then the other question may not come. If Mr. Nayar's motion is defeated, the other motion will come. Otherwise there is no meaning.

Mr. T. V. Subramania Ayyar *(Nemmara):* What I say is, Mr. Nayar's resolution was moved first and the President was pleased to rule that his motion will be put to vote first and afterwards the second resolution standing in my name.

Mr. President: If it is defeated, your resolution will be put to vote. Otherwise there is no meaning. If the House definitely takes a verdict that only a few subjects have to be transferred, then automatically the other resolution lapses. There is no meaning in putting the other resolution to vote. The hon'ble members who vote must have courage. If they want to vote against Mr. Nayar's resolution, they must give a direct verdict against it. You cannot camouflage the voting. *(Hear, hear).* You cannot say you can vote in favour of Mr. T. K. Nayar's resolution and then again in favour of Mr. Subramania Ayyar's resolution.

Mr. M. K. Devassy *(Adur):* While voting on Mr. T. K. Nayar's resolution, we must see whether his resolution has got the support of the House. If it has not got support, then the other also should be put to vote. These are two independent resolutions.

Mr. President: The issue before the House is whether there should be full responsible government or whether there should be one further stage of progress by the transfer of some more departments to the care of the popular Minister, and if the House gives its verdict in favour of the first, then the other must automatically lapse.

Mr. T. V. Subramania Ayyar *(Nemmara):* What I submit is this. These two resolutions relate to two distinct subjects. When I first moved an amendment to Mr. Nayar's resolution, Mr. Eachara Menon raised a point of order on the ground that my amendment is not within the scope of the resolution itself. Then the President was pleased to rule that Mr. T. K. Nayar's resolution should be put to vote separately after an exhaustive debate is carried on about both

LIBRARY ARCHIVES Kerala Legislative Assembly

resolutions, and that Mr. Nayar's resolution may be taken up for vote first and afterwards the second resolution standing in my name will come to the House. Even in the Agenda it is stated "Discussion on resolutions Nos. 1 and 2 to continue. The President has ruled that resolution No. 1 will be put to vote first. After a decision is taken on resolutions Nos. 1 and 2, other resolutions on the subject will automatically lapse." That means resolution No. 1 will be put to vote first, and if it is defeated No. 2 will be put to vote. These are two distinct resolutions, and they should be put to vote separately.

Mr. President: It is for the President to decide whether voting in a particular manner will lead to inconsistency, and, if it does, to regulate the proceedings in such a manner as not to lead to any sort of inconsistency and absurdity.

Mr. T. V. Subramania Ayyar *(Nemmara):* The two resolutions raise two independent issues. Then how can this absurdity arise?

Mr. President: I know it will suit the convenience of certain members to vote for Mr. T. K. Nayar's resolution first and then to vote also in favour of Mr. Subramania Ayyar's resolution *(laughter).* When a decision is taken that as a further step to responsible government only certain departments should be transferred under popular control, there is no meaning in again taking a decision that responsible government should be straightway introduced. That leads to absurdity.

Mr. Shabdai S. Koder *(Nominated):* In that case it will mean that we are not fit for responsible government.

Mr. T. V. Subramania Ayyar *(Nemmara):* I think, last time a ruling was given by the President that resolution No. 4 must be put to vote first.

Mr. President: If I did not make it clear then, I am making it clear now. Mr. T. K. Nayar's resolution will be put to vote, and if that is carried Mr. Subramania Ayyar's resolution will automatically lapse. If Mr. T. K. Nayar's resolution is defeated, then Mr. Subramania Ayyar's resolution will be put to vote.

Mr. T. V. Subramania Ayyar *(Nemmara):* I have only to submit a few words for the consideration of this House. I do not mean to traverse all the points raised in the speeches and I do not mean to go into details. So far as the speeches here are concerned the one from the Hon'ble Minister requires careful consideration and deserves some attention. I do not wish to say anything more than this and I do not wish to raise a controversial point. From an

LIBRARY ARCHIVES Kerala Legislative Assembly

ex-leader of the Congress Party, a veteran ex-chairman of the premier Municipality of this State, and a veteran congressman, who was in congress politics for many years, I expected a more forward lead. It may be due to the difference of opinion. The difference of opinion may be honest. But to my mind, Sir, I fail to see here the great and bold lead which I expected of him considering his past political career. Several other members belonging to the other parties spoke on the resolutions. I am in particular referring to the speeches of the hon'ble member for Mattancheri, Mr. Salem, and that of the hon'ble member for Cheruthuruthi, Mr. E. Ikkanda Warriar. Here was a case of judgment being for one party and the decree going against him. The whole speech contained arguments for full responsible government, but when it came to the question of delivering the decree the hon'ble member Mr. Salem turned about and instead of supporting me, I think accidentally, supported Mr. Nayar's resolution.

Mr. A. B. Salem *(Mattancheri):* Not accidentally, but deliberately.

Mr. T. V. Subramania Ayyar *(Nemmara):* Then again, Mr. Ikkanda Warriar's speech *in toto* and completely was for me so much so the Chair pertinently asked a question whether he was not actually supporting Mr. Subramania Ayyar's resolution. I was glad for that question. But though a considered answer did not come I knew that he was not for Mr. Nayar's resolution and that he was more in favour of the resolution tabled by me. About the criticism of the hon'ble member for Kanayannur, the learned ex-Deputy President of this House, I have only to say this much, Sir. He had some criticism about the party system here and other places.

Mr. T. P. Poulose *(Kanayannur):* I did not say anything against party working here. I said that one of the conditions necessary for the successful working of responsible government, which involves the removable cabinet, is a well-organized party system. I stated that only as an abstract proposition in order to show that we have to develop the party system. Every member of this House will agree with me when I say we should develop it on organized lines.

Mr. T. V. Subramania Ayyar *(Nemmara):* Thereby impliedly meaning that the parties now working here, the parties existing in the State, have not commended themselves to his good opinion. At any rate he is not satisfied with the progress of the State in matters of politics so far as party questions are concerned.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. P. Poulose *(Kanayannur):* There is progress, but we must progress further.

Mr. T. V. Subramania Ayyar *(Nemmara):* I am glad that you have conceded that we have already progressed very much. I also concede that we require greater progress, but then listening to the speech of the hon'ble member, the impression created is that in party politics we were not coming to the standard which he expects in the politics of the State. I do not desire to say anything offensive to him: but even when there were only two parties in the State, we have seen the sight of several persons utilising the party positions for particular purposes, and I thought the criticism did not come with much grace from the hon'ble member for Kanayannur, the ex-Deputy President. I do not want to say more. However much we may have advanced in party politics there will be certain occasions when situations will be utilised, or I may say, exploited, by certain persons properly towards the advancement of particular individuals. I will just stop there.

Mr. President: More parties mean more opportunities for exploitation *(Laughter)*.

Mr. T. V. Subramania Ayyar *(Nemmara):* Only by people who are capable of it. With regard to the speech of the hon'ble member, Mr. Ayyappan, as usual, I listened with great respect having regard to the great political experience and sagacity for which he is noted, and I am sorry to say that there has been, as it were, a right-about-turn in his attitude. Sir, it is conceded that we are in no way more backward than Travancore. Even the hon'ble member Mr. Ayyappan, will agree to that. Even about 15 years ago, on a historic occasion, my friend who is not only a great politician, but also a great poet, had occasion to frame some verses. That historic occasion was when the Regency was taken up in Travancore. On that occasion, he had submitted a poem in honour of that occasion and therein I found certain expressions which not only support my case, but actually plead for it. In an English speech, I do not wish to incorporate Malayalam, but since my hon'ble friends insist, I will just read a few lines. These are the words which came from Mr. Ayyappan's pen:

"തങ്ങളെ തങ്ങൾക്കായ് തങ്ങാം ഭരിയ്ക്കുന്നാ
മംഗല്യപൂർണ്ണ ഭരണരീതി
എന്നിയെമറെറാന്നും മേലിൽ ജനങ്ങൾക്കു
സമ്മതമല്ലാത്ത കാലമായി"

Mr. Ayyappan was saying that the stage had come in Travancore when any other system of government than full responsible government could be accepted by the people.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Ayyappan *(Ezhuvas-Kanayannur):* Even now I hold that view. But how to attain it through this resolution?

Mr. T. V. Subramania Ayyar *(Nemmara):* He says that "we have reached such a stage in the political dovelopment of Travancore that anything except the grant of full responsible government will not satisfy the people". I do not know whether twelve or fifteen years have created any difference in the situation. Anyhow, this view coming as it does from the famous author of these historic lines came to me as a great surprise, and I suppose his speech on this occasion will be given the weight that is its due in the light of these lines.

